പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3082 23.03. 2015- ലെ മറുപടി

## നോർക്ക - റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികൾക്ക് നോർക്ക - റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി നൽകിവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി.<br><br>2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കു ന്നതിനും ആഗ്രഹിക്കുന്ന പ്രവാസി കൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ “നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ” എന്ന പദ്ധതി.<br><br>3. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി യായ ‘പ്രവാസി ലീഗൽ അസിസ്റ്റൻസ്’.<br><br>4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള ‘സ്വപ്നസാഫല്യം’ പദ്ധതി. |

5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസി കളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

6. പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് ജില്ലകളിൽ നോർക്ക റൂട്ട്സ് സെല്ലുകൾ.

7. മറുനാടൻ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനുമായി ന്യൂഡൽഹിയിലും മുംബൈയിലും എൻ.ആർ.കെ -ഡെവലപ്മെന്റ് ഓഫീസുകൾ. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ .

8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി വിദേശ രാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

9. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

10. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധ പ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.

11. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്ക ന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

12. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.

13. വിദേശത്ത് തൊഴിൽ നിയമനം തേടുന്നവർക്കായി നിയമ വിരുദ്ധ റിക്രൂട്ട്മെന്റിനെതിരായ ബോധവൽക്കരണ പരിപാടിയും വിസാ പരിശോധനയും .

14. അടിയന്തിര സാഹചര്യങ്ങളിൽ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപാട്രിയേഷൻ ഫണ്ട്.

15. ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാന ങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.

16. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേന കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വിദേശ തൊഴിൽ തേടുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ **സാക്ഷ്യപ്പെടുത്തൽ** .

17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/പൂർണ്ണമായ/ ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ടു ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന തിരിച്ചറിയൽ കാർഡ് പദ്ധതി.

18. കൂടാതെ പ്രവാസികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പരിഹാരം ഉറപ്പാക്കുന്നതിനും സർക്കാർ മുൻഗണന നൽകുന്നുണ്ട്.

(ബി) പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എംബസികളെയും പ്രവാസി സംഘടനകളെയും യോജിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന ഉടൻതന്നെ ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. ഇതിനായി അവശ്യഘട്ടങ്ങളിൽ പ്രവാസി മലയാളി സംഘടനകളുടെ സഹായവും തേടാറുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിദേശരാജ്യങ്ങളിൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് മിഷൻ 676 പദ്ധതി പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) പാസ്പോർട്ട് പുതുക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ എത്തുന്ന പ്രവാസികൾക്ക് മികച്ച സേവനം ഉറപ്പ് വരുത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്.

സെക്ഷൻ ഓഫീസർ